(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 22.06.2017

നം.കെ.എസ്.എ.ഐ.ഡി.കെ-9/843/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് – 2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-6 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഐ.ഡി.കെ-9/843/2017 തീയതി : 22.06.2017

# ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.12.2016 മുതൽ 09.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നൽകിയ 2 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതൽ 17.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.കെ.വിനോദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. അനിറ്റ പി.സാമുവൽ, സീ. ഗ്രേ. ഓഡിറ്റർ |
| | ശ്രീ. മേജോ കെ ജോർജ്ജ്, സീ. ഗ്രേ. ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ. സി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.എൽ. ബാബു | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ബി. ബാലകൃഷണപിള്ള | 01.04.2016 മുതൽ 01.08.2016 വരെ |
| | ശ്രീ. സതീഷ്ചന്ദ്രൻ.ജി.ആർ (എച്ച്.സി അധികചുമതല) | 02.08.2016 മുതൽ 10.08.2016 വരെ |
| | അജിതകുമാർ വി.ആർ | 11.08.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ശ്രീന.എസ് | 01.04.2016 മുതൽ 12.05.2016 വരെ |
| | ശ്രീ.അരുൺകുമാർ.ആർ | 13.05.2016 മുതൽ 28.08.2016 വരെ |
| | ശ്രീമതി.രാജിമോൾ രാജു | 29.08.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബിനുമോൻ കെ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി. രേണുക പി.പി | 01.04.2016 മുതൽ 29.11..2016 വരെ |
| | ശ്രീമതി.ബിന്ധ്യ കുമാർ കെ.കെ | 30.11.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ശ്രീമതി.സി.വി.കൊച്ചുറാണി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അതുൽ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. സ്മിത .ആർ.പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.കുര്യൻ തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| II | ഭാഗം 2 | |
| 13 | മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 |
| III | ഭാഗം 3 | |

| | | |
|---|---|---|
| 14 | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ-സബ്സിഡി പരിധി അധികരിച്ചത്-നഷ്ടം-63336/- | 3-1 |
| 15 | വിവിധ മരുന്ന വാങ്ങൽ പ്രോജക്ടുകൾ-തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 3-2 |
| 16 | വി.ഇ.ഒ യുടെ പ്ലാൻ അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് | 3-3 |
| 17 | തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തത് -നികുതി ഈടാക്കിയിട്ടില്ല | 3-4 |
| IV | ഭാഗം 4 | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 21 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| V | അനുബന്ധം | |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് തിയതിയിലെ 09.03.2016 ലെ തീരുമാനം I പ്രകാരം അംഗീകരിച്ചു.

05.03.2016 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 9.09 കോടിയും ചെലവ് 7.24 കോടിയുമായിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 29.05.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52,67,466 |
| വരവ് | 3,85,77,897 |
| ആകെ | 4,38,45,363 |
| ചെലവ് | 3,56,50,127 |
| നീക്കിയിരിപ്പ് | 81,95,236 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2016-17 സാമ്പത്തിക വർഷം അലോട്ട് ചെയ്ത വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 95,50,328.00 | 89,71,736.00 | 93.94 |
| വികസനഫണ്ട് എസ്.സി.പി. | 26,11,857.00 | 15,24,808.00 | 58.38 |
| വികസനഫണ്ട് ടി.എസ്.പി. | 8,58,351.00 | 5,20,928.00 | 60.69 |
| സംരക്ഷണഗ്രാന്റ് റോഡ് | 35,54,631.00 | 23,45,955.00 | 65.99 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,54,755.00 | 17,09,833.00 | 66.93 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 53,56,177.00 | 48,96,204.00 | 91.41 |
| ലോകബാങ്ക്-കേന്ദ്രം | 20,69,015.00 | 14,80.484.00 | 71.56 |

| | | | |
|---|---|---|---|
| ലോകബാങ്ക്-സംസ്ഥാനം | 7,37,181.00 | 6,47,339.00 | 87.81 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2,22,70,355.00 | 2,22,70,355.00 | 100 |
| ബി ഫണ്ട് | 1,66,40,750.00 | 1,66,40,750.00 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 3,28,82,487 | 77 | 2,26,72,490 | - | 30 | 71.96 |

2016-17 സാമ്പത്തിക വർഷം 107 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 77 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വികസനഫണ്ട്-പൊതുവിഭാഗത്തിൽ 93 ശതമാനവും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 91 ശതമാനവും ചെലവുണ്ട്. എന്നാൽ, പട്ടികജാതി വിഭാഗ ഫണ്ടിന്റെ 58 ശതമാനവും പട്ടികവർഗ്ഗഫണ്ടിന്റെ 60 ശതമാനവും മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 24,88,753 | 15,58,550 |
| വെറ്ററിനറി സർജൻ | 3 | 3 | 6,14,275 | 6,14,275 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 6 | 9,50,000 | 9,50,000 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 3 | 3 | 19,00,000 | 14,17,884 |
| ഹെഡ് മാസ്റ്റർ | 3 | 2 | 4,67,000 | 4,27,336 |

| | | | | |
|---|---|---|---|---|
| ഗ്രാമ സേവകൻ | 10 | 8 | 69,35,400 | 56,80,400 |
| സെക്രട്ടറി | 25 | 17 | 59,85,343 | 37,81,178 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 34 | 1,35,43,916 | 82,42,867 |
| അകെ | 107 | 77 | 3,28,82,487 | 2,26,72,490 |

മേഖല തിരിച്ചുള്ള പ്രോജക്റ്റുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്റ്റുകൾ | നടപ്പാക്കിയ പ്രോജക്റ്റുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഉല്പാദനം | 8 | 6 | 28,97,826.00 | 19,93,275.00 |
| സേവനം | 56 | 42 | 1,52,20,933.00 | 1,18,28,946.00 |
| പശ്ചാത്തലം | 43 | 29 | 1,47,63,728.00 | 88,50,269.00 |
| ആകെ | 107 | 77 | 3,28,82,487.00 | 2,26,72,490.00 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 100.54 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 17,44,234 | 44,04,744 | 26,60,510 | 152.53 |
| നികുതിയേതര വരവുകൾ | 12,57,733 | 16,82,316 | 4,24,583 | 33.76 |
| മറ്റുവരവുകൾ | 88,473 | 1,10,634 | 22,161 | 25.05 |
| ആകെ | 30,90,440 | 61,97,694 | 31,07,254 | 100.54 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35,400.00 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 10,26,200.00 | 110 |
| വിധവാപെൻഷൻ | 53,14,770.00 | 416 |
| വാർദ്ധക്യകാലപെൻഷൻ | 85,60,410.00 | 735 |
| വികലാംഗപെൻഷൻ | 16,01,570.00 | 156 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 98,400.00 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹19,768.00 ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ നിശ്ചിത ഇടവേളകളിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതല്ലാതെ പഞ്ചായത്തിന്റെ വികസനം സംബന്ധിച്ച് ക്രിയാത്മക ചർച്ചകൾ നടക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ വാർഷിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2017 | 4/2017 | 02/2017 വരെയുള്ള റിപ്പോർട്ട് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2010 മുതൽ 06.03.2010 വരെ | 2008-09 വരെ | 08.04.2010 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി പരിഷ്കരിച്ചത് തുക അടയ്ക്കുകയും പിന്നീട് നികുതി കുറവ് ചെയ്തപ്പോൾ അധികം അടച്ച തുക ബാദ്ധതയായി ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

2. കിട്ടുവാൻ സാധ്യതയില്ലാത്ത തുകകൾക്കുള്ള പ്രൊവിഷൻ (ബി-10) ഇട്ടിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവർ- വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ 294-ാം ആയി 2013 മുതൽ പ്രവർത്തിക്കുന്ന ടാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് എന്ന കമ്പനിയുടെ മൊബൈൽ ടവറിൽ നിന്നും 2013 മുതലുള്ള വസ്തു നികുതി ഈടാക്കുന്നില്ല. 2013മുതൽ 2017 വരെയുള്ള വസ്തു നികുതി കുടിശ്ശികയായ ₹27300/- ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- അധിക ധനസഹായം അനുവദിച്ചു

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്നീ പ്രോജക്ടുകളിൽ അനുവദനീയ പരിധിയിൽ അധികരിച്ച് തുക വിനിയോഗിച്ചതിനാൽ ₹63,336/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പട്ടിജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് വില- ₹4,696/- (മേശക്ക് ₹3,197/-യും കസേരക്ക് ₹1,499/-യും) ക്വോട്ട് ചെയ്തത് മേലങ്ങാടി ടിമ്പേഴ്സ്, തവനൂർ എന്ന സ്ഥാപനമാണ്. സ്ഥാപനം സമർപ്പിച്ച ടെണ്ടർ 07.03.2017 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം (1) പ്രകാരം അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകിയതനുസരിച്ച് സ്ഥാപനം മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്. ഒരു മേശക്കും കസേരക്കുമായി ₹4,696/-യാണ് ചെലവഴിച്ചിട്ടുള്ളത്. 11.01.2016 ലെ സർക്കാർ ഉത്തരവ് (സാധാ)4/2016 ഖണ്ഡിക 6.8.4 പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള പരമാവധി ധനസഹായം ₹4,000/-യാണ്. അധികം വരുന്ന തുക ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ, ഗുണഭോക്താവിൽ നിന്നു ഈടാക്കേണ്ട തുക പിരിച്ചെടുക്കാതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ

നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. അനുവദനീയ പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചതിനാൽ ₹63,336/- (91x696) പ്ലാൻ ഫണ്ടിൽ നിന്നും അധികം വിനിയോഗി ച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

(എ) <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (25/2017)</u>

| | |
|---|---|
| അടങ്കൽ | ₹3,47,000 |
| ബിൽ നം/തിയതി | 1/2016-17 തി. 29.03.2017 |
| തുക | ₹3,42,808/- |

73 മേശകളും കസേരകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേലങ്ങാടി ടിമ്പേഴ്സ്, തവനൂരിന്റെ 25.03.2017 ലെ ക്യാഷ് ബിൽ പ്രകാരം 73 പഠനോപകരണങ്ങൾക്കായി ₹3,42,808/- (73x 4,696) പ്ലാൻ ഫണ്ടിൽ നിന്നും മേൽ സൂചിത ബിൽ പ്രകാരം മാറി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പരമാവധി പ്ലാൻ ഫണ്ടിൽ നിന്നു ചെലവഴിക്കാമായിരുന്ന തുക ₹2,92,000/-(73x4,000) അധികം ചെലവഴിച്ചത് ₹50808/- (3,42,808.00-2,92,000.00)

(എ) <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (എസ്. 14)</u>

| | |
|---|---|
| അടങ്കൽ | ₹85,800/- |
| ബിൽ നം/തിയതി | 2/2016-17 തി.29.03.2017 |
| തുക | ₹84,528/ |

18 മേശകളും കസേരകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേലങ്ങാടി ടിമ്പേഴ്സ്, തവനൂരിന്റെ 25.03.2017 ലെ ക്യാഷ് ബിൽ പ്രകാരം 18 പഠനോപകരണങ്ങൾക്കായി ₹84,528/-(18x 4696) പ്ലാൻ ഫണ്ടിൽ നിന്നും മേൽ സൂചിത ബിൽ പ്രകാരം മാറി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പരമാവധി പ്ലാൻ ഫണ്ടിൽ നിന്നു ചെലവഴിക്കാമായിരുന്ന തുക ₹72,000/- (18x 4000). അധികം ചെലവഴിച്ചത് ₹12,528/- (84,528.00-72,000.00)

രണ്ടു പ്രോജക്ടുകൾക്കുമായി ആകെ ₹63,336/- (50,808.00+12,528.00) പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 15.06.2017 നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിക്കൊള്ളാം എന്ന് മറുപടി തന്നിട്ടുണ്ട്. അധികം ചെലവഴിച്ച തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 3-2 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവ നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ, സെക്രട്ടറി എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ,പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | ബിൽ.നം. തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്.24/17<br>പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 150000 | 1/2016-17<br>28.01.17 | ഇല്ല | 150000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്.19/16<br>പാലിയേറ്റീവ് കെയർ (ജനറൽ) | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 400000 | 7/2016-17<br>17.3.17 | ഇല്ല | 400000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്.20/16<br>പാലിയേറ്റീവ് കെയർ (എസ്.സി) | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 50000 | 2/2016-17<br>17.3.17 | ഇല്ല | 50000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്.21/16<br>പാലിയേറ്റീവ് കെയർ (എസ്.ടി) | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 50000 | 3/2016-17<br>17.3.17 | ഇല്ല | 50000 |
| സെക്രട്ടറി<br>എസ്.22/17<br>ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഔഷധി, തൃശ്ശൂർ | 100000 | 22/2016-17<br>22.2.17 | 76601 | 23399 |
| സെക്രട്ടറി<br>എസ്.92/17<br>എസ്.ടി വൃദ്ധർക്ക് ആയുർവേദ മരുന്നു വാങ്ങൽ | ഔഷധി, തൃശ്ശൂർ | 35800 | 23/2016-17<br>15.3.17 | 26189 | 9611 |

| | |
|---|---|
| ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | ₹683010 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, കൈമാറിയതിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന ₹683010/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വി.ഇ.ഒ -യുടെ അക്കൗണ്ടിൽ അനധികൃതമായി പണം സൂക്ഷിച്ചിരിക്കുന്നു

വി.ഇ.ഒ -യുടെ പേരിലുള്ള രണ്ട് അക്കൗണ്ടുകളിൽ പൂർത്തീകരിച്ച പദ്ധതികളുടെ പേരിൽ പണം അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| അക്കൗണ്ട് നം | ബാങ്ക് | തുക | പദ്ധതി |
|---|---|---|---|
| 42302010008079 | യൂണിയൻ ബാങ്ക്,അയ്യപ്പൻകോവിൽ (T.S.C) | 74644 | സാനിറ്റേഷൻ |
| 120201201200006 | ഐ.ഡി.സി.ബി.ഉപ്പുതറ | 275500 | ഇ.എം.എസ്. ഭവനപദ്ധതി |
| | ആകെ | 350144 | |

അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക തിരികെ സഞ്ചിതനിധിയിലേയ്ക്ക് ഒടുക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-4 തൊഴിലുറപ്പ് പദ്ധതി പ്രവർത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തത്- നികുതി ഈടാക്കിയിട്ടില്ല

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്ക് കരാറുകാരൻ സാധനങ്ങൾ വാങ്ങി നൽകിയതിന് കരാറിൽ പറയും പ്രകാരമുള്ള വാറ്റ് തുക ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ

1) പ്രോജക്റ്റ് നമ്പർ -94/16-17

പ്രോജക്റ്റ്-അച്ചുതൻകവല ഗാന്ധിനഗർ റോഡ് കോൺക്രീററിംഗ്

| ഇനം | വില | അളവ് | ആകെ തുക | വാറ്റ് (14.5%) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പാറമണൽ | 1125 | 17.4m3 | 19575 | - |
| 40mmമെററൽ | 510 | 29.9m3 | 15249 | 2211.2 |
| 20mmമെറ്റൽ | 510 | 15.119m3 | 7710.69 | 1118 |
| 20mmമെററൽ | 510 | 15.1119m3 | 7710.69 | 1118 |
| 10mmമെററൽ | 510 | 6.311 | 3218.61 | 466.69 |
| സിമന്റ് | 341 | 340 bag | 115940 | 16811.3 |
| പാറമണൽ | 1125 | 17m3 | 19125 | 2773.12 |
| വാഹനവാടക | - | - | 64000 | - |

2) പ്രോജക്ട് നമ്പർ 93/16-17

അച്ചുതൻകവല ശാസ്താംകണ്ടം റോഡ് കോൺക്രീറ്റിംഗ്

| ഇനം | വില | അളവ് | അകെ | വാറ്റ് |
|---|---|---|---|---|
| 40mmമെററൽ | 510 | 17.901m3 | 9129.51 | 1323.71 |
| 20mmമെറ്റൽ | 510 | 18.14m3 | 9251.4 | 1341.41 |
| 10mmമെറ്റൽ | 510 | 3.78m3 | 1927.8 | 279.5 |
| പാറമണൽ | 1125 | 20.602m3 | 23177.47 | - |
| സിമന്റ് | 341 | 204 bag | 69564 | 10086.8 |
| വാഹനവാടക | | | 23000 | |

3) പ്രോജക്ട് നം 90/16-17

ചേമ്പളം നേതാജി റോഡ് കോൺക്രീററിംഗ്

| ഇനം | വില | അളവ് | അകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 13.7378m3 | 15455.02 | |
| 40mm മെറ്റൽ | 510 | 11.934m3 | 6086.34 | 882.51 |
| 20mmമെറ്റൽ | 510 | 12.698m3 | 6475.98 | 939 |
| 10mm മെറ്റൽ | 510 | 2.525m3 | 1287.75 | 186.72 |
| സിമന്റ് | 341 | 136 bag | 46376 | 6724.6 |
| വാഹനവാടക | | | 13000 | |

4) പ്രോജക്ട് നം 86/16-17

കൊമ്പനാൽപടി കുരിശുമലപടി റോഡ്

| ഇനം | വില | അളവ് | അകെ | വാറ്റ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പാറമണൽ | 1125 | 17.77m3 | 19991.2 | - |
| 40mmമെറ്റൽ | 510 | 15.86m3 | 8088.6 | 1172.8 |
| 20mmമെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| 10mm മെറ്റൽ | 510 | 5.049m3 | 2574.9 | 373.37 |
| സിമന്റ് | 341 | 272bag | 92752 | 13449.04 |
| വാഹനവാടക | | | 13000 | |
| 20mmമെറ്റൽ | 510 | 12.9m3 | 6579 | 953.95 |
| 40mmമെറ്റൽ | 510 | 8.003 | 4081.53 | 591.82 |
| പാറമണൽ | 1125 | 9.701m3 | 10913.62 | 1582.4 |

5) 89/16-17

കൊടിത്തോട്ടം മേട് നെല്ലിക്കുന്നേൽപടി റോഡ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 13.7378m3 | 15455.0 | |
| 40mm മെറ്റൽ | 510 | 11.93m3 | 6084.3 | 882.22 |
| 10mmമെറ്റൽ | 510 | 12..098m3 | 6169.98 | 894.64 |
| 10mm മെറ്റൽ | 510 | 2.52m3 | 1285.2 | 186.3 |
| സിമന്റ് | 341 | 136 bag | 46376 | 6724.6 |
| വാഹനവാടക | | | 12500 | |

6) 92/16-17

അമ്പാട്ടുപടി കണിയാംപാലയ്ക്കൽപടി റോഡ് കോൺക്റീററിംഗ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 13.73m3 | 15446.25 | - |
| 10mmമെറ്റൽ | 510 | 2.52m3 | 1285.2 | 186.35 |
| 20mmമെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| 40mm മെറ്റൽ | 510 | 11.93m3 | 6084.3 | 882.22 |
| സിമന്റ് | 341 | 136 bag | 46376 | 6724.6 |
| വാഹനവാടക | | | 12740.19 | - |

7) 85/16-17

കവുങ്ങുംതോട്ടംപടി കളരിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 17.47m3 | 19653.75 | - |
| 10mmമെറ്റൽ | 510 | 5.04m3 | 2570.4 | 372.7 |
| 20mmമെറ്റൽ | 510 | 24.2m3 | 12342 | 1789.59 |
| 40mm മെറ്റൽ | 510 | 23.9m3 | 12189 | 1767.4 |
| സിമന്റ് | 341 | 272bag | 92752 | 13449 |
| വാഹനവാടക | | | 24000 | - |
| പാറമണൽ | 1125 | 10m3 | 11250 | - |

8) തോണിത്തടി താഴത്തുമോടപ്പടി റോഡ് കോൺക്രീററിംഗ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 13.73m3 | 15446.25 | - |
| 10mmമെറ്റൽ | 510 | 2.52m3 | 1285.2 | 186.35 |
| 20mmമെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| 40mm മെറ്റൽ | 510 | 11.93m3 | 6084.3 | 882.22 |
| സിമന്റ് | 341 | 136bag | 46376 | 6724.52 |
| വാഹനവാടക | | | 12740.19 | |

9) മാധവൻപടി മോഹനൻപടി റോഡ് കോൺക്രീറ്റിംഗ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 13.737m3 | 15454 | - |
| 10mmമെറ്റൽ | 510 | 2.52m3 | 1285.2 | 186 |
| 20mmമെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| 40mm മെറ്റൽ | 510 | 11.934m3 | 6086 | 882.51 |
| സിമന്റ് | 341 | 136bag | 46376 | 6724.6 |
| വാഹനവാടക | | | 12650 | |

10) ഇടക്കരോട്ട്പടി-ഇലവുങ്കൽപടി റോഡ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 17.77m3 | 19991.25 | - |
| 10mmമെറ്റൽ | 510 | 5.049m3 | 2574.99 | 373.37 |

| | | | | |
|---|---|---|---|---|
| 20mmമെറ്റൽ | 510 | 12.09m3 | 6165 | 894.05 |
| 40mm മെറ്റൽ | 510 | 15.06m3 | 7680.6 | 1113.6 |
| സിമന്റ് | 341 | 272bag | 92752 | 13449 |
| വാഹനവാടക | | | 30027.32 | |
| 20mmമെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| പാറമണൽ | 1125 | 9.701m3 | 10913.62 | - |
| 40mm മെറ്റൽ | 510 | 8.008m3 | 4084.08 | 592.19 |

11) <u>പൂതുവൽ എസ്.സി കോളനി റോഡ്</u>

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 10m3 | 11250 | - |
| 10mmമെറ്റൽ | 510 | 5.1m3 | 2601 | 377.2 |
| 20mmമെറ്റൽ | 510 | 24.2m3 | 12342 | 1789.6 |
| | | | | |
| സിമന്റ് | 341 | 272bag | 92752 | 13449.04 |
| വാഹനവാടക | | | 26700 | |
| 40mmമെറ്റൽ | 510 | 23.9m3 | 12189 | 1767 |
| പാറമണൽ | 1125 | 17.5m3 | 19687.5 | |

12) <u>രവിക്കട അയ്യാവുപടി റോഡ് കോൺക്രീറ്റിംഗ്</u>

| ഇനം | വില | അളവ് | അകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 17.77m3 | 19991.2 | |
| 40mm മെറ്റൽ | 510 | 15.86m3 | 8088.6 | 1172.84 |
| 10mmമെറ്റൽ | 510 | 5.049m3 | 2574.99 | 373.37 |
| 20mm മെറ്റൽ | 510 | 12.9m3 | 6579 | 953 |
| സിമന്റ് | 341 | 272bag | 92752 | 13449.04 |
| പാറമണൽ | 1125 | 9.701m3 | 10913 | |
| 20mm മെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| 40mm മെറ്റൽ | 510 | 8.008m3 | 4084.08 | 592.19 |
| വാഹന വാടക | | | 25827.27 | |

13) <u>ചെന്നിനായിക്കൻകുടി ആറേക്കർ-പൂവന്തിക്കുടി റോഡ്</u>

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 10m3 | 11250 | - |
| 10mmമെറ്റൽ | 510 | 5.1m3 | 2601 | 377.2 |
| 20mmമെറ്റൽ | 510 | 24.2m3 | 12342 | 1789.6 |
| സിമന്റ് | 341 | 272bag | 92752 | 13449.04 |
| വാഹനവാടക | | | 26700 | |
| 40mmമെറ്റൽ | 510 | 23.9m3 | 12189 | 1767.4 |
| പാറമണൽ | 1125 | 17.5m3 | 19687.5 | |

14) ചിന്ന സുൽത്താനിയ ഇബ്റാഹിം പടി ബിനോയിപ്പടി റോഡ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 13.8m3 | 15525 | - |
| 10mmമെറ്റൽ | 510 | 2.6m3 | 1326 | 192 |
| 20mmമെറ്റൽ | 510 | 12.1m3 | 6171 | 894.8 |
| സിമന്റ് | 341 | 136bag | 46376 | 6724.6 |
| വാഹനവാടക | | | 11500 | |
| 40mmമെറ്റൽ | 510 | 11.9m3 | 6069 | 880.1 |

15) ഹെവൻവാലി കന്നിക്കൽ റോഡ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|
| പാറമണൽ | 1125 | 17.77m3 | 19991.25 | - |
| 10mmമെറ്റൽ | 510 | 5.049m3 | 2574.99 | 373.37 |
| 20mmമെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |
| പാറമണൽ | 1125 | 9.701 | 10913.62 | |
| സിമന്റ് | 341 | 272bag | 92752 | 13449.04 |
| വാഹനവാടക | | | 25827.32 | |
| 40mmമെറ്റൽ | 510 | 15.86m3 | 8088.6 | 1172.84 |
| 40mm മെറ്റൽ | 510 | 8.008m3 | 4084.08 | 592.19 |
| 20mm മെറ്റൽ | 510 | 12.09m3 | 6165.9 | 894.05 |

16) കരിങ്കുളം വള്ളക്കടവ് മാളിയേക്കൽ പടി റോഡ്

| ഇനം | വില | അളവ് | ആകെ | വാറ്റ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പാറമണൽ | 1125 | 17.5m3 | 19687.8 | - |
| 10mmമെറ്റൽ | 510 | 5.1m3 | 2601 | 377.2 |
| 20mmമെറ്റൽ | 510 | 24.2m3 | 12342 | 1789.6 |
| പാറമണൽ | 1125 | 10m3 | 11250 | |
| സിമന്റ് | 341 | 272bag | 92752 | 13449.04 |
| വാഹനവാടക | | | 25000 | |
| 40mmമെറ്റൽ | 510 | 23.9m3 | 12189 | 1767.4 |

കരാറുകാരൻ ജയൻ ജേക്കബ് പദ്ധതി യുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ 4 പ്രകാരം വാങ്ങി നൽകുന്ന സാധനങ്ങളുടെ വാററ് തുക ഒടുക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. നിയമാനുസൃതമുള്ള വാററ് തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹29,754/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2009-10 | 3-1 | 8,000 | ടോം കെ. ജോസഫ് | 11610100551/19.7.2016 |
| 2008-09 | 2-1 | 300 | ടോം കെ.ജോസഫ് | 11610100552/19.7.2016 |
| 2006-07 | 3-1 | 1000 | ടോം കെ. ജോസഫ് | 11610100553/19.7.2016 |
| 2003-04 | 2-2 | 6333 | റവന്യൂ റിക്കവറി | 11610400008/16.12.2016 |
| 2003-04 | 2-2 | 6333 | റവന്യൂ റിക്കവറി | 11610400009/25.1.2017 |
| 2003-04 | 2-2 | 485 | റവന്യൂ റിക്കവറി | 11610400010/25.1.2017 |
| 2014-15 | 2-1 | 485 | റവന്യൂ റിക്കവറി | 11610400015/10.2.2017 |
| 2003-04 | 2-2 | 6333 | റവന്യൂ റിക്കവറി | 11610102821/15.1.2017 |
| 2003-04 | 2-2 | 485 | റവന്യൂ റിക്കവറി | 11610400017/30.3.2017 |
| ആകെ | | 29754 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39 | 1999-00 | - | ചെറുകിട ജലസേചന പദ്ധതിയിൽ വ്യാജമായി ഗുണഭോക്താക്കളെ ചേർത്തു | |
| 1997-98 | 40 | 1999-00 | - | പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം അധികം നൽകി | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,85,77,897.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,56,50,128.00 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 63,336.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,83,010 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 63,336.00 | കുര്യൻ തോമസ്, ഹെഡ് മാസ്റ്റർ |
| ആകെ | | 63,336.00 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6,83,010.00 | ഡോ.അതുൽ.എസ്, മെഡിക്കൽ ഓഫീസർ-6,50,000.00 |
| | | ശ്രീ. അജിത്കുമാർ വി.ആർ, സെക്രട്ടറി-33010.00 |
| ആകെ | 6,83,010.00 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-4 ലെ തുകകൾ

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കുര്യൻ തോമസ്, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ, മാട്ടുക്കട്ട | കടപ്രയിൽ, അയ്യപ്പൻകോവിൽ പി.ഒ, പരപ്പ്-685507 |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1978-1979 | എൽ.എഫ്.ഐ.5-366/87/21.01.97 | |
| 1979-1980 | എൽ.എഫ്.ഐ.5-366/87/21.01.97 | |
| 1980-1981 | എൽ.എഫ്.ഐ.5-366/87/21.01.97 | |
| 1981-1982 | എൽ.എഫ്.ഐ.5-366/87/21.01.97 | |
| 1982-1983 | എൽ.എഫ്.ഐ.5-366/87/21.01.97 | |
| 1983-1984 | എൽ.എഫ്.ഐ.5-965/90/21.01.97 | |
| 1984-1985 | എൽ.എഫ്.ഐ.5-939/90/21.01.97 | |
| 1985-1986 | എൽ.എഫ്.ഐ.5-938/90/21.01.97 | |
| 1986-1987 | എൽ.എഫ്.ഐ.5-540/91/21.01.97 | |
| 1987-1988 | എൽ.എഫ്.ഐ.5-3/91/21.01.97. | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.5-55/93/21.01.97 | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.5-602/94/15.11.95 | |
| 1992-1993<br>1993-1994 | എൽ.എഫ്.ഐ.5-362/96/13.02.1996 | |
| 1994-1995<br>1995-1996 | എൽ.എഫ്.ഐ.6-75/99/30.04.1999 | |
| 1996-1997 | എൽ.എഫ്.ഐ.6-384/98/01.01.1999 | |
| 1997-1998 | എൽ.എഫ്.ഐ.6-110/99/15.05.1999 | |
| 1998-1999 | എൽ.എഫ്.ഐ.6-456/2000/19.09.2000 | |
| 1999-2000 | എൽ.എഫ്.ഐ.6-65/01/29.08.2001 | |
| 2000-2001 | എൽ.എഫ്.ഐ.6-652/02/31.12.2002 | |
| 2001-2002 | എൽ.എഫ്.ഐ.6-405/04/31.05.2005 | |
| 2002-2003 | എൽ.എഫ്.ഐ.6-756/06/05.07.2007 | |
| 2003-2004 | എൽ.എഫ്.ഐ.6-47/06/03.08.2006 | |
| 2004-2005 | എൽ.എഫ്.ഐ.6-952/07/14.08.2008 | |
| 2005-2006 | എൽ.എഫ്.ഐ.6-873/08/01.07.2009 | |
| 2006-2007 | എൽ.എഫ്.ഐ.6-900/09/07.08.2010 | |
| 2007-2008 | എൽ.എഫ്.ഐ.6-901/09/10.08.2011 | |
| 2008-2009 | എൽ.എഫ്.ഐ.9-963/11/31/03.2012 | |
| 2009-2010 | എൽ.എഫ്.ഐ.9-964/11/04.05.2012 | |
| 2010-2011 | എൽ.എഫ്.ഐ.9-1414/12/07.08.2013 | |
| 2011-2012<br>2012-2013 | എൽ.എഫ്.ഐ.9-1305/13/11.06.2014 | |
| 2013-14<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ-9/40/16/31.03.16/18.4.16 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-9/1671/16/26.12.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./ഐ.ഡി.കെ. -9/843/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in
തീയതി:22.06.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക

ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

No.KSA/IDK-9/843/2017

Kerala State Audit Department
District Audit Office,
Idikki, Thodupuzha

Dated : 22.06.2017

Phone No : 04862 227332

E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Ayyapancovil Grama Panchayat in Idukki District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayath Raj Instituitions.

In my opinion, the Financial Statements of Ayyapancovil Gama Panchayath for the 2016-17, except the observations in my audit report properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI